## കേരള സർക്കാർ

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് - വൈക്കം ഇ.എസ്.ഐ ഡിസ്പെൻസറിയിൽ 8,200-13,340 ശമ്പള സ്കെയിലിൽ ഒരു പാർട്ട് ടൈം സ്വീപ്പറിന്റെ തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

**സ.ഉ(കൈ.)നം.43/2017/തൊഴിൽ. തിരുവനന്തപുരം, തീയതി:02.06.2017**

---

പരാമർശം:- 1) വൈക്കം ഇ.എസ്.ഐ.ഡിസ്പെൻസറിയിലെ ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസറുടെ 28.05.2015 ലെ 26/2015 നമ്പർ കത്ത്.

2) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 25.06.2015,16.01.2016, 25.11.2016, 20.01.2017 എന്നീ തീയതികളിലെ ബി2/ 11966/ 2015/ ഡി.ഐ.എം.എസ് നമ്പർ കത്തുകൾ.

**ഉത്തരവ്**

ഇ.എസ്.ഐ മാനദണ്ഡപ്രകാരം ഏക ഡോക്ടർ ടൈപ്പ് ഡിസ്പെൻസറിയിൽ ഒരു പാർട്ട് ടൈം സ്വീപ്പർ ഉണ്ടായിരിക്കേണ്ടതുണ്ട്. എന്നാൽ വൈക്കം ഇ.എസ്.ഐ ഡിസ്പെൻസറിയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക നിലവിലില്ല. ആയതിനാൽ ടി ഡിസ്പെൻസറിയിൽ ഒരു പാർട്ട് ടൈം സ്വീപ്പറിന്റെ തസ്തിക സൃഷ്ടിക്കണം എന്ന് അഭ്യർത്ഥിച്ച് പരാമർശം - 1 പ്രകാരം വൈക്കം ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഇൻഷ്വറൻസ് മെഡിക്കൽ ഓഫിസർ പ്രൊപ്പോസൽ സമർപ്പിച്ചു. പരാമർശം-2 പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ ടി പ്രൊപ്പോസൽ ശുപാർശ ചെയ്തിട്ടുണ്ട്. വൈക്കം ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ആകെ സ്വീപ്പിംഗ് ഏര്യ 104.759 ച.മീറ്ററാണ് എന്ന് പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ (വൈക്കം) സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വൈക്കം ഇ.എസ്.ഐ ഡിസ്പെൻസറിയിൽ 8,200-13,340 ശമ്പള സ്കെയിലിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ചും ടി തസ്തികയിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനുള്ള അനുവാദം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ടോം ജോസ്,

അഡീഷണൽ ചീഫ് സെക്രട്ടറി.

ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവിസസ് വകുപ്പ്, തിരുവനന്തപുരം.

റീജിയണൽ ഡയറക്ടർ, ഇ.എസ്.ഐ. കോർപ്പറേഷൻ, പഞ്ചദീപ് ഭവൻ, നോർത്ത് സ്വരാജ് റൗണ്ട്, തൃശ്ശൂർ

സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ, ഇ.എസ്.ഐ കോർപ്പറേഷൻ, പഞ്ചദീപ് ഭവൻ, നോർത്ത് സ്വരാജ് റൗണ്ട്, തൃശ്ശൂർ

ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ.ഡിസ്പെൻസറി, വൈക്കം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ് / ഡി.ബി.സെൽ) കേരളം,
തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (അനൗദ്യോഗിക കുറിപ്പ് നം.120677/എക്സ്പെൻഡിച്ചർ സി2/2015/ധന. തീയതി 28.03.2017)

പൊതുഭരണ (എസ്.സി) വകുപ്പ് ( ഇനം നം.: 1070, തീയതി 31.05.2017 )

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**<u>മേലെഴുത്ത് കത്ത് നം.ബി2-11966/2015/ഡി.ഐ.എം.എസ് തീയതി 06.06.2017</u>**

ഉത്തരവിൻറെ പകർപ്പ് അറിവിലേയ്ക്കും, തുടർനടപടികൾക്കുമായി അയയ്ക്കുന്നു.

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്-

1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, ദക്ഷിണ മേഖല, കൊല്ലം
2. ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ.ഡിസ്പെൻസറി, വൈക്കം

പകർപ്പ്-

1. ജോയിൻറ് ഡയറക്ടർ/ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ സീനിയർ ഫിനാൻസ് ഓഫീസർ/ സി.എ ടു ഡയറക്ടർ
2. എസ്റ്റാബ്ലിഷ്മെൻറ് സൂപ്രണ്ട്/ അക്കൗണ്ട്സ് സൂപ്രണ്ട്
3. എഫ്1/ എ 4/ ഇ 5/ ഇ-ഗവേണൻസ് സെക്ഷനുകൾ/ [illegible]
4. ഫയൽ/സ്റ്റോക്ക് ഫയൽ.

ടി.കെ.ജെ-07.06.2017/